I/193279/2024

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

**കീഴെഴുത്ത് നമ്പർ ADFW/841/2024-IT1 തീയതി 14-03-2024**

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ 3 ഹെൽപ്പ് ഡെസ്ക് സപ്പോർട്ട് അസിസ്റ്റന്റ്മാർ (ഡാറ്റാ എൻട്രി ഓപ്പറേറ്റർ), ജില്ലാ ഓഫീസുകളിലും കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലും എൻ ഇ ജി പി എ പദ്ധതിയിൽ കീഴിൽ ജോലി നോക്കി വരുന്ന 159 ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ കരാർ കാലാവധി നിലവിലെ കരാർ കാലാവധിക്ക് ശേഷം ഒരു ദിവസത്തെ ഇടവേള നൽകി 2024-25 സാമ്പത്തിക വർഷത്തിലേക്ക് ദീർഘിപ്പിക്കുന്നതിനു അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാ ഓഫീസുകൾക്കും അനന്തര നടപടികൾക്കായി അയയ്ക്കുന്നു.

SALIN THAPASI
DEPUTY DIRECTOR OF AGRICULTURE(IT)

സ്വീകർത്താവ്

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും

Signed by
Salin Thapasi
Date: 14-03-2024 10:44:48

SAO

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

കൃഷി വകുപ്പ് - കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ 3 ഹെൽപ്പ് ഡെസ്ക് സപ്പോർട്ട് അസിസ്റ്റന്റ്മാരുടേയും (ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ), ജില്ലാ ഓഫീസുകളിലും, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസുകളിലും എൻ.ഇ.ജി.പി.എ (NeGPA) പദ്ധതിയിൻ കീഴിൽ ജോലി ചെയ്തു വരുന്ന 159 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടേയും കരാർ നിയമനം 2024-25 സാമ്പത്തിക വർഷത്തിലേയ്ക്ക് ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഐ.എഫ്.എ) വകുപ്പ്**

സ.ഉ.(സാധാ) നം.226/2024/AGRI തീയതി, തിരുവനന്തപുരം, 06-03-2024

പരാമർശം:- 1. 26.02.2016-ലെ സ.ഉ.(പി) നം.28/2016/ധന.
2. 28.04.2017-ലെ സ.ഉ.(പി) നം.56/2017/ധന.
3. 21.07.2018-ലെ സ.ഉ.(പി) നം.112/2018/ധന.
4. 09.07.2019-ലെ സ.ഉ.(പി) നം.81/2019/ധന.
5. 11.02.2021-ലെ സ.ഉ.(പി) നം.29/2021/ധന.
6. 30.03.2023-ലെ സ.ഉ.(സാധാ) നം.308/2023/കൃഷി.
7. ശ്രീ.പി.സുരേഷ് ബാബു, പ്രസിഡന്റ്, ഓൾ കേരള അഗ്രി ഡാറ്റാ എൻട്രി ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ സമർപ്പിച്ച 10.01.2024-ലെ നിവേദനം.
8. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 11.02.2024 -ലെ ADFW/841/2024-IT1 നമ്പർ കത്ത്.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം-33. 11 MAR 2024

ഉത്തരവ്

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ മൂന്ന് ഹെൽപ്പ് ഡെസ്ക് സപ്പോർട്ട് അസിസ്റ്റന്റുമാർ (ഡാറ്റാ എൻട്രി ഓപ്പറേറ്റർ), ജില്ലാ ഓഫീസുകളിലും, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസുകളിലും എൻ.ഇ.ജി.പി.എ (NeGPA) പദ്ധതിയിൻ കീഴിൽ ജോലി ചെയ്തു വരുന്ന 159 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവരുടെ കരാർ നിയമനം 2024 മാർച്ച് 31 വരെ ദീർഘിപ്പിച്ചു കൊണ്ട് പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു.

2. AIMS, M-Kisan, PM-Kisan, Sevena Pension, Farmers Portal, Soil Health Card, Farm Mechanization Systems, GeM, E-Tender, BIMS/BAMS, DBT, തുടങ്ങിയ പോർട്ടലുകളുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് പ്രസ്തുത കരാർ ജീവനക്കാർ നിർവഹിച്ചു വരുന്നതെന്നും, പ്രസ്തുത ജീവനക്കാരുടെ ജോലിയിലുള്ള പരിചയം പദ്ധതി നിർവഹണത്തിനും ദൈനംദിന പ്രവർത്തനങ്ങൾക്കും വളരെയേറെ സഹായിക്കുന്നുണ്ടെന്നും, ഓഫീസുകളുടെ പ്രവർത്തനത്തിന് ഇവരുടെ സേവനം

അത്യന്താപേക്ഷിതമാണെന്നും, അതിനാൽ ഇവരുടെ നിലവിലെ കരാർ കാലാവധിക്ക് ശേഷം ഒരു ദിവസത്തെ ഇടവേള നൽകി 2024-25 സാമ്പത്തിക വർഷത്തിലേക്ക് കരാർ പുതുക്കി നൽകുന്നതിനായി തുടർച്ചാനുമതി നൽകണമെന്ന് പരാമർശം (8) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ദിവസവേതന/കരാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഉൾപ്പെടുത്തി കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (1) മുതൽ (5) വരെയുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടും, "സ്ഥിരപ്പെടുത്താൻ യാതൊരു അവകാശവാദവും ഉന്നയിക്കുന്നതല്ലെന്ന രേഖാമൂലമുള്ള ഉറപ്പ് വാങ്ങി സൂക്ഷിക്കേണ്ടതാണ്" എന്ന വ്യവസ്ഥയോടെയും, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ 3 ഹെൽപ്പ് ഡെസ്ക് സപ്പോർട്ട് അസിസ്റ്റന്റ്മാർ (ഡാറ്റാ എൻട്രി ഓപ്പറേറ്റർ), ജില്ലാ ഓഫീസുകളിലും, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസുകളിലും എൻ.ഇ.ജി.പി.എ (NeGPA) പദ്ധതിയിൻ കീഴിൽ ജോലി ചെയ്തു വരുന്ന 159 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവരുടെ നിലവിലെ കരാർ കാലാവധിക്ക് ശേഷം ഒരു ദിവസത്തെ ഇടവേള നൽകി 2024-25 സാമ്പത്തിക വർഷത്തിലേക്ക് കരാർ പുതുക്കി നൽകുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെസ്സി ജോർജ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/(എ &ഇ)) കേരള, തിരുവനന്തപുരം.
ശ്രീ.പി.സുരേഷ് ബാബു, പ്രസിഡന്റ്, ഓൾ കേരള അഗ്രി ഡാറ്റാ എൻട്രി ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ, ഹരിവരം, മൊകേരി.പി.ഒ, കോഴിക്കോട് - 673 507.
ധനകാര്യ(അഗ്രി-എ) വകുപ്പ് (05.03.2024-ലെ E.No.2710110/Agri-A2/35/2024-FIN പ്രകാരം).
ഐ.&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ /ഓഫീസ് കോപ്പി (ഫയൽ നം.കൃഷി-ഐ.എഫ്.എ1/32/2024-കൃഷി).
പകർപ്പ്: ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കാർഷികോത്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ -യ്ക്ക്.
കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ -യ്ക്ക്.

ഉത്തരവിൻ പ്രകാരം
Signed by
Manesh C M
Date: 06-03-2024 17:41:28
സെക്ഷൻ ഓഫീസർ